(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.റ്റി.വി.എം.ജി.പി.4 /1959
/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 15.11.2016.

Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്.

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1959/2016 തിയതി: 15.11.2016

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-03-2016മുതൽ 07-10-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പ് കൾ നൽകിയതിൽ 18എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവര ങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി യിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-10-2016 മുതൽ 21-10-16വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : (1)ശ്രീമതി.ജയകുമാരി.കെ.ആർ, ഓഡിറ്റ് ഓഫീസർ

(2) ശ്രീ.അനിൽകുമാർ, സീ.ഗ്രേ.ഓഡിറ്റർ.

(3) ശ്രീ.ബിജുലാൽ മണി.എസ്.എൽ, സീ.ഗ്രേ.ഓഡിറ്റർ

(4) ശ്രീ.ശിവനാഥൻ.എ, ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : (1)ശ്രീ. കെ.രാകേഷ് , 01-04-2015മുതൽ 31-10-2015 വരെ

: (2) ശ്രീമതി.മല്ലിക വിജയൻ.എസ്, 01-11-2015മുതൽ 31-03-2016വരെ

സെക്രട്ടറി : (1) ശ്രീ.വി.പി.ഹരികൃഷ്ണ കുമാർ, 01-04-2015മുതൽ 29-05-2015വരെ(ഇ.ചാ)

(2) ശ്രീ.എസ്.പ്രേം, 30-05-2015 മുതൽ 08-07-2015 വരെ (ഇ.ചാ.)

(3) ശ്രീ.സതീഷ് കുമാർ.ജി.കെ, 09-07-2015 മുതൽ 24-07-2015 വരെ

(4) ശ്രീ.ഷാജി ബോൺസിലെ, 24-07-2015മുതൽ 31-03-2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.പ്രിയങ്ക | 01-04-2015 മുതൽ 31-03-2016വര |
| മെഡി.ആഫീസർ,പി.എച്ച്.സി.<br>കൃഷി ഓഫീസർ<br>എൽ.വി.ഇ.ഒ.(1)<br>വി.ഇ.ഒ.(2)<br>എച്ച് .എം.<br>അസി.സെക്രട്ടറി | ഡോ.ശ്രീ.അനിൽ കുമാർ<br>ശ്രീ.സന്തോഷ് കുമാർ<br>ശ്രീമതി. ബിന്ദു<br>ശ്രീ.സെബിൻ<br>ശ്രീമതി.ഗിരിജ<br>ശ്രീ.വി.പി.ഹരികൃഷ്ണൻ<br>ശ്രീ.സുരേഷ് ബാബു<br>ശ്രീ.ആർ.മോഹൻദാസ്<br>ശ്രീമതി.ദീപ.ഐ | 01-04-2015മുതൽ 31-03-2016വരെ<br>01-04-2015മുതൽ 31-03-2016വരെ<br>01-04-2015മുതൽ 31-03-2016വരെ<br>01-04-2015മുതൽ 31-03-2016വരെ<br>01-04-2015മുതൽ 31-03-2016വരെ<br>01-04-2015മുതൽ30-05-2015വരെ<br>03-06-2015മുതൽ18-08-2015വരെ<br>20-08-2015മുതൽ 22-09-2015വരെ<br>22-09-2015മുതൽ 31-03-2016വരെ |
| ഐ.സി.ഡി.എസ്. | ശ്രീമതി.അനിത | 01-04-2015മുതൽ 29-12-2015വരെ |

| | | |
|---|---|---|
| സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ<br>ശ്രീമതി.സ്മിത | 29-12-2015മുതൽ 21-01-2016വരെ<br>21-01-2016മുതൽ 31-03-2016വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വസ്തുനികുതി - കുടിശ്ശിക 3412900/-രൂപ | 2-1 | |
| 13 | പരസ്യനികുതി ഈടാക്കുന്നില്ല. | 2-2 | |
| 14 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ല-ക്വാറി/ ക്രഷർ യൂണിറ്റുകൾക്ക് ഡി.ആന്റ്.ഒ. ലൈസൻസ് അനുവദിച്ചത് ക്രമവിരുദ്ധം | 2-3 | |
| 15 | ട്രേഡ്സ് രജിസ്റ്റർ പരിപാലിക്കുന്നില്ല | 2-4 | |
| 16 | പ്ളാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കുന്നില്ല | 2-5 | |

| | | | |
|---|---|---|---|
| 17 | തൊഴിൽനികുതി - അപാകതകൾ | 2.6 | |
| | ഭാഗം 3 | | |
| 18 | വി.ഇ.ഒ.നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ | 3-1 | |
| 19 | ഗ്രാമസഭാ ലിസ്റ്റിൽ പെടാത്തവർക്ക് സബ്സിഡി നല്കി - തുക തടസ്സപ്പെടുത്തുന്നു. | 3-2 | |
| 20 | പകുതിയിലധികം അംഗനവാടികളും വാടകകെട്ടിടത്തിൽ | 3-3 | |
| 21 | അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-4 | |
| 22 | നിർഭയ – ജാഗ്രതാ സമിതിയുടെ പ്രവർത്തനമില്ല | 3-5 | |
| 23 | റേഡിയേഷൻ സുരക്ഷാ ഡയറക്ടറുടെ അനുമതിയില്ലാതെ എക്സ്-റേ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നു. | 3-6 | |
| 24 | ചെലവ് പത്രികയിലെ ചെലവ് തുകയും നിർവ്വഹണോദ്യോഗ സ്ഥന്റെ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-7 | |
| 25 | സംയുക്ത പരിശോധന നടത്താതെ പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു | 3-8 | |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-9 | |
| 27 | ക്ലിനിക്കൽ ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വാങ്ങിയ ഉപകരണം സ്റ്റോക്കിലെടുത്തില്ല. നഷ്ടം -2205 രൂപ | 3.10 | |
| 28 | ലാബ് ടെക്നീഷ്യൻ, അസിസ്റ്റന്റ് നിയമനം - തനതു ഫണ്ട് പദ്ധതി രൂപീകരിച്ച് ഓണറേറിയം - | 3.11 | |
| 29 | ഇല്ലാത്ത കോൺക്രീറ്റ് ടൈലിന് തുക നൽകി - 68547 - രൂപ നിരാകരിക്കുന്നു | 3.12 | |
| 30 | പ്ളാസ്റ്ററിംഗ് അളവിൽ കുറവ് - 10663 രൂപ നിരാകരിക്കുന്നു. | 3.13 | |
| | ഭാഗം 4 | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25-02-2015ലെ 01-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 494790000/- രൂപ വരവും 446695000/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 106741747/- രൂപയും ചെലവ് 104355004/- രൂപയുമാണ്.

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകൾ യഥാർഥ വരവു ചെലവുകളേക്കാൾ വളരെ കൂടുതലാണ്. ഭാവിയിൽ യാഥാർഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 10.08.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 20-10-2016 | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 17761000

വരവ് - 88980747

ആകെ - 106741747

ചെലവ് - 104355004

നീക്കിയിരിപ്പ് - 2386743

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3232587 | 23509275 (17457851+ 6051424) | 26741862 | 26741862 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1071571 | 5720958 | 6792529 | 6792529 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 25000 | 25000 | 25000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 600394 | 23628365 | 24228759 | 24228759 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 390282 | 1031237 | 1421519 | 1421519 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1886766 | 7488434 (12435001- 4946567) | 9375200 | 9375200 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 6383239 | (-)619355 (485502- 1104857) | 5763884 | 5763884 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്. | 1121530 | 748238 | 1869768 | 1841183 | 28585 | 98 |
| ബി.ഫണ്ട് | 0 | 1598260 | 1598260 | 1598260 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1042811 | 12652104 | 13694915 | 13069830 | 625085 | 95 |
| സാക്ഷരത | 5370 | 58800 | 64170 | 13296 | 50874 | 21 |
| സാക്ഷരത | 2258 | 0 | 2258 | 0 | 2258 | 0 |
| ഡിസ്ട്രസ് റിലീഫ് | 15075 | 177251 | 192326 | 144750 | 47576 | 0 |
| തനത് ഫണ്ട് | 1332375 | 12902082 | 14234457 | 12670203 | 1564254 | |
| എസ്.എസ്.എ | 8013 | 324 | 8337 | 0 | 8337 | |
| കയ്യിരിപ്പ് പണം | 668729 | 59774 | 728503 | 668729 | 59774 | - |

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ട്രഷറി, ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ് ബുക്ക് ബാലൻസുകളും കാഷ്ബുക്ക് ബാലൻസുകളും പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.
2. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ വരവുള്ള 1738000/- രൂപ ACR ൽ ചേർത്തിട്ടില്ല.
3. സെക്രട്ടറി, വി.ഇ.ഒ, അസി.സെക്രട്ടറി, വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് വിവരങ്ങൾ യഥാർത്ഥ ചെലവ് രേഖകളുമായി പൊരുത്തപ്പെടുന്നില്ല.
4. വികസന ഫണ്ട് (ജനറൽ) ൽ നിന്നും ചെലവായ 437500/- രൂപ എസ്.സി.പി ഫണ്ടിൽ നിന്നും ചെലവാക്കിയിരിക്കുന്നു.
5. പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുന്നില്ല.

   അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 249 | 162237857 | 201 | 81145830 | 42 | 6 | 80% |

അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33.6 ശതമാനം വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | - | - | - | - |
| തൊഴിൽ നികുതി | 1600670 | 2840763 | 1240093 | - |
| കെട്ടിട നികുതി | 3902779 | 3416631 | (-)486148 | - |
| പരസ്യ നികുതി | - | - | - | - |
| നികുതിയേതര വരവുകൾ | | | | |
| ഷോപ്പിംഗ് കോംപ്ളക്സ് | - | - | - | - |
| ലേലം | 28600 | 28600 | - | - |
| ഡി.ആന്റ്.ഓ.ലൈസൻസ് | 196246 | 194800 | -1446 | - |
| മറ്റു വരവുകൾ | 2378684 | 4353470 | +1974786 | - |
| ആകെ | 8106979 | 10834264 | 2727285 | - |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരസ്യനികുതി ഈടാക്കിയും വസ്തുനികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1328260 | 700 |
| കർഷകതൊഴിലാളി പെൻഷൻ | 4718670 | 605 |
| വിധവാപെൻഷൻ | 1841480 | 1867 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 26340810 | 2574 |
| വികലാംഗപെൻഷൻ | 5164740 | 504 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 27000 | |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 555040 | 61 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) - വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-10-2016ന് രാവിലെ 11-15മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5583/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടു ത്തേണ്ടതുമാണ്.
ആസ്തി

രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് ഉടർ നിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ 1997-ലെ പൊതുമരാമത്ത് ചട്ടങ്ങളിലെ വകുപ്പ് (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് ലഭ്യമാക്കുന്ന വാർഷിക ചെലവ് പത്രികയിലെ ചെലവും രജിസ്റ്ററുകൾ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്ന രീതിയിലായിരിക്കണം ചെലവ് പത്രിക തയ്യാറാക്കേണ്ടത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-09-2016മുതൽ<br>22-09-2016വരെ | 01-08-2016മുതൽ<br>31-08-2016വരെ | 18-10-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-11-2012മുതൽ<br>22-11-2012വരെ | 2007-08മുതൽ<br>2011-12വരെ | 27-06-2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - കുടിശ്ശിക 3412900/-രൂപ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിക്കുന്നത് തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെ ടുക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക പ്രകാരം 2015-16സാമ്പത്തികവർഷം വസ്തുനികുതിയിനത്തിൽ അരിയറും കറന്റും ഉൾപ്പെടെ 3412900/-രൂപ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി കിട്ടാനുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനതുവരമാനമായ വസ്തുനികുതി പിരിച്ചെടുക്കുവാൻ

ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു സംഖ്യ വസ്തുനികുതി യിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല.
1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം കുടിശ്ശിക തുക നഷ്ടപ്പെടാതിരിക്കാൻ വസ്തുനികുതിയുടെ വർഷം തിരിച്ചുള്ള കുടിശ്ശിക നിർണ്ണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക നികുതിയീടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-2 പരസ്യനികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209അനുസരിച്ച് ഗ്രാമപഞ്ചാ യത്തിന്റെ അധികാരപരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് പരസ്യനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരസ്യനികുതി ഈടാക്കിയിട്ടില്ല.ദേശീയപാതക്ക് ഇരുവശവുമായി സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് പ്രദേശത്തിന്റെ വിവിധ സ്ഥലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടു ണ്ടെങ്കിലും ഇവയിൽ നിന്നും പരസ്യനികുതി ഈടാക്കിക്കാണുന്നില്ല. പഞ്ചായത്തിന്റെ തനതുവരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ല-ക്വാറി/ക്രഷർ യൂണിറ്റുകൾക്ക് ഡി.ആന്റ്.ഒ. ലൈസൻസ് അനുവദിച്ചത് ക്രമവിരുദ്ധം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്വാറി/ക്രഷർ യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി കഴിഞ്ഞും ഡി.ആന്റ്.ഓ. ലൈസൻസ് അനുവദിച്ച വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | ഫയൽ നം, അപേക്ഷകന്റെ പേര് | മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി പത്ര കാലാവധി |
|---|---|---|
| 1 | ജി.5/2732/15-16, ശ്രീ.കെ.ജെ.തോമസ് കുട്ടി | 30-06-2015 വരെ |
| 2 | ജി.5/2730/15-16, ശ്രീ.കെ.ജെ.തോമസ് കുട്ടി | 29-02-2015 വരെ |
| 3 | ജി.5/2355/15-16, ശ്രീ.ദീപു.എസ് | 30-06-2015 വരെ |
| 4 | ജി.5/3118/15-16, ശ്രീ.അരുൺ വർഗ്ഗീസ് | 30-06-2016 വരെ |

ഈ വിഷയത്തിൽ 18-10-2016 ൽ ഓഡിറ്റ് അന്വേഷണം നം. 18/16 പ്രകാരം വിവരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 2-4 ട്രേഡേഴ്സ് രജിസ്റ്റർ പരിപാലിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി യാണ് ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.2014-15സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ 17/10/2016-ൽ 16 നമ്പരായി ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 2-5 പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കുന്നില്ല

ജി.ഒ(ആർ.ടി)795/2007/ത.സ്വ.ഭ.വ, തിയതി.16-03-2007 ലെ ഉത്തരവ് പ്രകാരം ഡി.ആന്റ്.ഓ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ പ്രസ്തുത അപേക്ഷയോടൊപ്പം പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ടി ഉത്തരവ് അനുസരിച്ച് 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്നുള്ള സാക്ഷ്യപത്രം അപേക്ഷകൻ നൽകണമെന്നിരിക്കെ ആയത് ഹാജരാക്കാതെയാണ് ലൈസൻസുകൾ പഞ്ചായത്ത് അനുവദിച്ചിട്ടുള്ളത്. ഭാവിയിൽ പ്രസ്തുത ഉത്തരവ് പ്രകാരം ലൈസൻസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 തൊഴിൽനികുതി - അപാകതകൾ

(എ) തൊഴിൽനികുതി - രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

1998–ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3 (റെക്കോർഡുകളുടെ സൂക്ഷിപ്പും, പകർപ്പ് നൽകലും) പ്രകാരം ഗ്രാമ പഞ്ചായത്ത് തൊഴിൽനികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ വിവരം മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ അസസ് മെന്റ് രജിസ്റ്റർ 1999 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടം 5 പറയുന്ന മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ രജിസ്റ്റർ പരിപാലി ച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപനനികുതിയും കൃത്യമായി ഒടുക്കുവരുത്തുന്ന വെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. ഭാവിയിൽ ഇത്തരം രജിസ്റ്ററുകൾ പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

*തൊഴിൽനികുതി ഈടാക്കിയിട്ടില്ല.*

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16 വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. എസ്.എ.എൽ.പി സ്കൂൾ, പരുത്തൻപാറ - ഒന്നാം അർദ്ധവർഷം

   1. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് പള്ളിച്ചൽ - ഒന്നാം അർദ്ധവർഷം

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 3 ന് മറുപടി നൽകിയിട്ടില്ല. മേൽ സൂചിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

(ബി) തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് - നഷ്ടം 1180/-രൂപ

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2015-16 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ ഗ്രാമപഞ്ചായത്തിന് 1180/- രൂപ യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | പേര്, ഉദ്യോഗപ്പേര് | സ്ഥാപനം | അർദ്ധ വർഷം | ആകെ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ശ്രീ.പ്രമോദ്, ക്ലർക്ക് | പള്ളിച്ചൽ പഞ്ചായത്ത് | 1 | 134234 | 1000 | 1250 | 250 |
| 2 | ശ്രീ.മഹേഷ് കുമാർ | പോപ്പുലർ മോട്ടോർസ് | 1 | 107715 | 750 | 1000 | 250 |
| 3 | ശ്രീമതി.ശ്രീലത, ഹോസ്പിറ്റൽ അറ്റൻഡർ | പി.എച്ച്.സി പള്ളിച്ചൽ | 1 | 124094 | 1000 | 1250 | 250 |
| 4 | ശ്രീ.ലോകേഷ്, സെയിൽസ് എക്സിക്യൂട്ടീവ് | പോപ്പുലർ | 2 | 36000 | 120 | 300 | 180 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ശ്രീ.മധു.എം, ക്ലർക്ക് | പള്ളിച്ചൽ പഞ്ചായത്ത് | 2 | 100272 | 1000 | 750 | 250 |
| | ആകെ | | | | | | 1180 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിലൂടെ പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തുകയ്ക്ക് ബന്ധപ്പെട്ട സെക്ഷൻ ക്ളാർക്കും സെക്രട്ടറിയും ഉത്തരവാദിയായിരിക്കും.

(സി) സ്ഥാപനനികുതി ഈടാക്കിയില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചാ യത്ത് മേഖലയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർത്ഥവർഷവും സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1. കെ.എസ്.ഇ.ബി നരുവാമൂട് - 1, 2 അർദ്ധവർഷം
2. യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ - 1 അർദ്ധവർഷം
3. ചിത്രാ ആശുപത്രി പ്രാവച്ചമ്പലം - 1, 2അർദ്ധവർഷം
4. രമ്യ കല്യാണ മണ്ഡപം പള്ളിച്ചൽ - 1, 2അർദ്ധവർഷം
5. സൗപർണ്ണികാ ഓഡിറ്റോറിയം - 1, 2അർത്ഥവർഷം
6. ശ്രീവിനായകാ കല്യാണമണ്ഡപം, പുന്നമൂട് - 1, 2അർദ്ധവർഷം
7. മഹാലക്ഷ്മി ഓഡിറ്റോറിയം, നരുവാമൂട് - 1, 2അർദ്ധവർഷം
8. ധനലക്ഷ്മി കല്യാണമണ്ഡപം - 2അർദ്ധവർഷം
9. പ്രീതി കിച്ചൻ അപ്ലയൻസ്, ബാലരാമ പുരം - 1അർദ്ധവർഷം
10. ജില്ലാ സഹകരണ ബാങ്ക് പ്രാവച്ചമ്പലം - 1, 2അർദ്ധവർഷം
11. സിൻഡിക്കേറ്റ് ബാങ്ക് ബാലരാമപുരം - 1, 2അർദ്ധവർഷം
12. സപ്ലൈകോ സൂപ്പർമാർക്കറ്റ് - 1, 2അർദ്ധവർഷം
13. പള്ളിച്ചൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് -1, 2അർദ്ധവർഷം

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വി.ഇ.ഒ.നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ

(എ) വരുമാനം ഉറപ്പ് വരുത്താതെ ആനുകൂല്യം അനുവദിച്ചു

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 9പദ്ധതികൾ നടപ്പിലാക്കി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം പദ്ധതി ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകർ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. എന്നാൽ വി.ഇ.ഒ.നടപ്പിലാക്കിയ പദ്ധതികളിലെ ഗുണഭോക്താക്കളിൽ ഭരിഭാഗവും അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കി യിട്ടില്ല. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യം ലഭിച്ച എതാനും പേരുടെ വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം, വാർഡ് നം. | പദ്ധതി നമ്പരും പേരും | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീമതി.ഷൈലകുമാരി, ചെമ്മണ്ണ മേലേ പുത്തൻ വീട്, നരുവാമൂട് , വാർഡ് നം. 6 | പദ്ധതി നം - 243/16, ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങൽ | 100000 |
| 2 | ശ്രീമതി.സിന്ധു.എ, തെക്കിൻകര വീട്, മുരുവല്ലൂർക്കോണം, നരുവാമൂട് വാർഡ് നം - 16 | പദ്ധതി നം - 243/16, ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങൽ | 100000 |
| 3 | ശ്രീ.തങ്കപ്പൻ, കരക്കാട്ടുവിള പുത്തൻ വീട്,നടക്കാട്, നരുവാമൂട് വാർഡ് നം - 5 | പദ്ധതി നം - 243/16, ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങൽ | 100000 |
| 4 | ശ്രീ.മധു, അഞ്ചു നിവാസ്, വടക്കേവിളാകം, ബാലരാമപുരം, വീട് നം - 200 | 37/116, ഭവനപുനരുദ്ധാരണം | 25000 |
| 5 | ശ്രീ.രാജേന്ദ്രൻ, കവഡിമൂല മേലേ പുത്തൻ വീട്, അമ്മന്നൂർക്കോണം,, വീട് നം - 4 | 37/116, ഭവനപുനരുദ്ധാരണം | 25000 |
| 6 | ശ്രീമതി.പ്രസന്ന, വലിയവിളാക്കത്തു വീട്, പള്ളിച്ചൽ, വാർഡ് നം - 9, വീട് നം - 556 | പദ്ധതി നം - 38/16, അഗതികളുടേയും വിധവ കളുടേയും ഭവനപുനരുദ്ധാരണം | 25000 |
| 7 | ശ്രീമതി.സാവിത്രി, കുഴിവിളാകത്ത് വീട്, ഉമ്പോട്, ബാലരാമപുരം, വാർഡ് നം - 9, വീട് നം- 415 | പദ്ധതി നം - 38/16, അഗതികളുടേയും വിധവകളുടേയും ഭവനപുനരുദ്ധാരണം | 25000 |
| 8 | ശ്രീ.കുമാർ, പ്ലാവിള പുത്തൻ വീട്, അമ്മന്നൂർക്കോണം, നരുവാമൂട്, വീട് നം - 23 | പദ്ധതി നം - 32/16, കിണർ മെയിന്റനൻസ് | 5000 |
| 9 | ശ്രീമതി.ഉഷകുമാരി, ഉഷ ഭവൻ, മായംകോട്, നേതാജി നഗർ, | പദ്ധതി നം - 32/16, കിണർ മെയിന്റനൻസ് | 5000 |

| | | | |
|---|---|---|---|
| | നേമം, വീട് നം - 219 | | |

നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആനുകൂല്യങ്ങൾ ക്കായുള്ള അപേക്ഷകളിൽ ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

(ബി) ഭവനനിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പദ്ധതി നമ്പർ - SO217/16

പദ്ധതിയുടെ പേര് - ഭവനനിർമ്മാണം (ജനറൽ)

പദ്ധതി അടങ്കൽ - 5200000 (വി.ഫണ്ട്. - 4512500,ധനകാര്യകമ്മിഷൻ ഗ്രാന്റ് - 360000, തനത് ഫണ്ട് 327500)

ചെലവ് - 4512500

നിർവ്വഹണ ഉദ്യോഗസ്ഥൻ - എൽ.വി.ഇ.ഒ.

ഗ്രാമപഞ്ചായത്തിലെ ഭവനരഹിതരായ 26 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ത്തിനായി 2 ലക്ഷം രൂപാവീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം മുഴുവൻ തുകയും (2 ലക്ഷം രൂപ) കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തി യാക്കിയത് 7 ഗുണഭോക്താക്കൾ മാത്രമാണ്.ശേഷിക്കുന്ന 19 ഗുണഭോക്താക്കൾ 80 ശതമാനം തുകയും കൈപ്പറ്റിയെങ്കിലും അവസാന ഗഡു കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥരുമായി ഗുണഭോക്താക്കൾ ചമച്ചിട്ടുള്ള കരാർ പ്രകാരം ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ കർശന നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ പദ്ധതി ലക്ഷ്യം കൈവരിക്കുമായിരുന്നു.മേൽ പദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | അപേക്ഷകന്റെ പേര്, വിലാസം, വാർഡ് നമ്പർ | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1 | ശ്രീ.കെ.സുന്ദരൻ, വടക്കേ തെരുവു വിള, പമ്മംകോട്, എസ്റ്റേറ്റ് പി.ഒ, വാർഡ് നം - 1 | 140000 |
| 2 | ശ്രീമതി.ജയചിത്ര, മങ്കളപ്പൊട്ട്, ചിത്രാലയം, ഇടക്കോട്, നേമം, വാർഡ് നം - 2 | 180000 |
| 3 | ശ്രീമതി.അനിത, ലൈല നിവാസ്, കുറച്ചൽവില, നടുക്കാവ്, നരുവാമൂട്, വാർഡ് നം - 5 | 180000 |
| 4 | ശ്രീ.പി.സി.വിജയൻ, ചെറുപുഷ്പവിലാസം, നടുക്കാട്, നരുവാമൂട്, വാർഡ് നം - 6 | 140000 |
| 5 | ശ്രീ.ശ്രീകണ്ഠൻ നായർ, നെല്ലിവിള വീട്, ആറുകാൽക്കോണം, വെള്ളാപ്പള്ളി, നരുവാമൂട്, വാർഡ് നം - 7 | 180000 |
| 6 | ശ്രീമതി.നന്ദിനി, നെടിയവിളാകം, വടക്കേവിള, വാർഡ് നം - 10 | 180000 |
| 7 | ശ്രീമതി.ഗിരിജ.ജി, തെക്കുവിള പുത്തൻ വീട്, പെരിങ്ങമ്മല വാർഡ് നം.13 | 180000 |

| | | |
|---|---|---|
| 8 | ശ്രീമതി.ഉഷ.പി, കട്ടച്ചൽ മേലെ പുത്തൻ വീട്, പൂന്നമൂട്, പള്ളിച്ചൽ, വാർഡ് നം - 14 | 180000 |
| 9 | ശ്രീമതി.സുലജ, , വടക്കുംകര, വെടിവച്ചാൻകോവിൽ<br>വാർഡ് നം - 15 | 180000 |
| 10 | ശ്രീ.അശോകൻ, ഉത്രാടം, കരന്റിവിള, വെടിവച്ചാൻകോവിൽ<br>വാർഡ് നം - 16 | 180000 |
| 11 | ശ്രീമതി.ഗീതാകുമാരി, സംഗീതാ ഭവൻ, പാരുക്കുഴി<br>വാർഡ് നം - 17 | 180000 |
| 12 | ശ്രീമതി.ബി.ഷീല, വള്ളോട്ടുക്കോണം, കിഴക്കുംകര പുത്തൻ വീട്, വള്ളോട്ടുക്കോണം, വാർഡ് നം - 18 | 140000 |
| 13 | ശ്രീമതി.വിജിമോൾ, പാർവതി വിലാസം, കടമ്പന്നൂർ, പ്രാവച്ചമ്പലം, വാർഡ് നം - 22 | 180000 |
| 14 | ശ്രീ.സുധീഷ് കുമാർ, എസ്.ബി.സദനം, ചെമ്മണ്ണിൻമേലേ, നരുവാമൂട്, വാർഡ് നം - 6 | 180000 |
| 15 | ശ്രീമതി.വൃന്ദ, ഗോകുലം, ഉണ്ടുവിള, പള്ളിച്ചൽ, നേമം,<br>വാർഡ് നം - 21 | 80000 |
| 16 | ശ്രീമതി.ശ്രീദേവി, വെണ്ണിയോട്ടുകോണം, നടുക്കാട്, നരുവാമൂട്, വാർഡ് നം - 5 | 180000 |
| 17 | ശ്രീമതി.വിജയമ്മ.എസ്, മരുതറത്തല വീട്, ഇടക്കോട്, നേമം<br>വാർഡ് നം - 23 | 140000 |
| 18 | ശ്രീമതി.രതകുമാരി, കോളാമ്പിമേലെ പുത്തൻ വീട്, പെരിങ്ങമ്മല, വാർഡ് നം - 13 | 140000 |
| 19 | ശ്രീമതി.സുലോചന, ആശാരിവിള വീട്, ഇടക്കോട്,<br>വാർഡ് നം - 20 | 172500 |

പദ്ധതി പ്രകാരം പരമാവധി തുക കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കാത്ത മേൽ പറഞ്ഞിട്ടുള്ളവർക്കെതിരെ തുടർ നടപടി സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-2 ഗ്രാമസഭാ ലിസ്റ്റിൽ പെടാത്തവർക്ക് സബ്സിഡി നല്കി -തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 286/16

പ്രോജക്ട് - സ്വയംതൊഴിൽ സംരംഭം - പട്ടികജാതി വിഭാഗത്തിന് ഓട്ടോറിക്ഷ ലഭ്യമാക്കൽ

പദ്ധതി അടങ്കൽ - 7225000 (വികസന ഫണ്ട് എസ്.സി.പി 850000, ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ 5750000)

ഗുണഭോക്തൃ വിഹിതം 625000

ബിൽ നം. - 1/15-16, തിയതി. 18-08-2015 – 50000രൂപ, 6/15-16, തിയതി. 30-09-2015 – 100000രൂപ.

നിർവ്വ. ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

2015-16സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതിക്കായി എസ്.സി.പി.ഫണ്ടിൽ നിന്നും സബ്സിഡി തുകയായ 150000/-രൂപ പിൻവലിച്ച് പെരിങ്ങമ്മല ഗ്രാമീൺ ബാങ്കിന് കൈമാറി. എന്നാൽ സബ്സിഡി കൈപ്പറ്റിയ അനി.ബി, (50000–രൂപ, ഡി.ഡി.നമ്പർ 24068/18.08.2015) (അനി നിവാസ്, കോയിക്കൽ കുഴി മേലേ വീട്, പെരിങ്ങമ്മല, കല്ലിയൂർ) സുധാകരൻ.ബി, (50000 – രൂപ, ഡി.ഡി നമ്പർ 24478/29.09.2015) (ചെമ്മണ്ണുവിള വീട്, പുന്നമൂട്, പള്ളിച്ചൽ) എന്നിവർ 2014-15ലെ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവരല്ല. ഇത് സംബന്ധിച്ചുള്ള 21-10-2016 ലെ 29നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.2015-16സാമ്പത്തിക വർഷം ഇതേ പേരിൽ പുതിയ പദ്ധതി തയ്യാറാക്കിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ആയതിനാൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തവർക്ക് നൽകിയ 100000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 പകുതിയിലധികം അംഗനവാടികളും വാടകകെട്ടിടത്തിൽ

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ആകെ 39അംഗനവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 22 അംഗനവാടികൾ ഇന്നും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ 5അംഗനവാടികളിൽ നിലവിൽ വൈദ്യുതി സൗകര്യം ലഭ്യമല്ല. ഗാസ് കണക്ഷൻ ലഭ്യമായിട്ടുള്ളത് 13അംഗനവാടികൾക്ക് മാത്രമാണ്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്താനും അവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ട താണ്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തി ക്കുന്നതും വൈദ്യുതി, ഗ്യാസ് കണക്ഷൻ എന്നിവയില്ലാത്തതുമായ അംഗനവാടികളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | അംഗനവാടി നമ്പരും സ്ഥലവും | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | വൈദ്യുതി ലഭ്യമല്ലാത്തത് | ഗ്യാസ്/വാട്ടർ കണക്ഷൻ ലഭ്യമല്ലാത്തത് |
|---|---|---|---|---|
| 1 | പാമക്കോട്, നം.75 | - | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 2 | ഇടക്കോട്, നം.76 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 3 | മണലുവിള, നം. 78 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 4 | എടമല, നം. 79 | - | വൈദ്യുതി ഇല്ല | ഗ്യാസ്, വാട്ടർ കണക്ഷൻ ഇല്ല |
| 5 | കുളങ്ങരക്കോണം, നം. 80 | വാടകക്കെട്ടിടം | | ഗ്യാസ് കണക്ഷൻ ഇല്ല |
| 6 | അയ്യാകോട്, നം. 82 | - | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 7 | ചാട്ടുമുക്ക്, നം. 84 | - | - | ഗ്യാസ് കണക്ഷൻ ഇല്ല |

| | | | | |
|---|---|---|---|---|
| 8 | തലയറക്കോണം, നം. 85 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 9 | വെള്ളാപ്പള്ളി,<br>നം. 86 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 10 | തലക്കോട്ടുകോണം, നം.87 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 11 | മുക്കമ്പാലമൂട്,<br>നം.88 | - | - | ഗ്യാസ്, വാട്ടർ കണക്ഷൻ ഇല്ല |
| 12 | അമ്മന്നൂർകോണം, നം.89 | വാടകക്കെട്ടിടം | | വാട്ടർകണക്ഷൻ ഇല്ല |
| 13 | തണ്ണിക്കുഴി, നം.91 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 14 | വടക്കേവിള,<br>നം.92 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 15 | തിട്ടവേലിക്കര,<br>നം.93 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 16 | പൂങ്കോട്, നം.94 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 17 | ഭഗവതിനട,<br>നം.95 | - | വൈദ്യുതി ഇല്ല | - |
| 18 | ശിവാലയക്കോണംനം.96 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 19 | കേളേശ്വരം, നം.97 | - | വൈദ്യുതി ഇല്ല | - |
| 20 | പെരിങ്ങമ്മല,<br>നം.98 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 21 | പുന്നമൂട്, നം. 99 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |

| | | | | |
|---|---|---|---|---|
| 22 | വെടിവച്ചാൻ കോവിൽ, നം.100 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 23 | ചാത്തലമ്പാട്ടു കോണം, നം.101 | - | - | ഗ്യാസ്, വാട്ടർ കണക്ഷൻ ഇല്ല |
| 24 | അയണിമൂട്, നം.103 | വാടകക്കെട്ടിടം | - | - |
| 25 | അരിക്കടമുക്ക്, നം.104 | വാടകക്കെട്ടിടം | - | - |
| 26 | പറമ്പുക്കോണം, നം.105 | വാടകക്കെട്ടിടം | - | - |
| 27 | പഴിഞ്ഞിനട,നം.106 | - | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 28 | നൽപ്പരത്തലയ്ക്കൽ, നം.108 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 29 | പള്ളിച്ചൽ, നം.109 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 30 | കുടരത്തേരി,നം.110 | - | വൈദ്യുതി ഇല്ല | വാട്ടർകണക്ഷൻ ഇല്ല |
| 31 | കുടുമ്പന്നൂർ,നം.111 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 32 | നേമം സ്കൂൾ ജം. നം. 112 | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 33 | പൂങ്കോട്, നം. 113 | - | - | ഗ്യാസ് കണക്ഷൻ ഇല്ല |

മേൽ പറഞ്ഞിട്ടുള്ള അംഗനവാടികളുടെ പോരായ്മകൾ പരിഹരിക്കുവാൻ ഭരണതലത്തിൽ പ്രത്യേകം ശ്രദ്ധ ഉണ്ടാകേണ്ടതാണ്.മുഴുവൻ അംഗനവാടികൾക്കും ഗ്യാസ്,വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാനും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുമാണ്.

## 3-4 അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയത് വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-12-2010 ലെ ഐ.സി.ഡി.എസ്/ബി.3/312 നമ്പർ കത്തിൽ

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് പ്രകൃതി ന്യൂട്രിമിക്സ്, മാറനല്ലൂർ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്ന് അംഗനവാടി കുട്ടികൾക്ക് ന്യൂട്രമിക്സ് വാങ്ങിയിട്ടുള്ളത്. ഭാവിയിൽ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് ന്യൂട്രമിക്സിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 നിർഭയ – ജാഗ്രതാ സമിതി - പ്രവർത്തനമില്ല

പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് ശാശ്വത പരിഹാരം കാണുവാൻ പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നാണ് ഐ.സി.ഡി.എസ്.സൂപ്പർവൈസർ വാക്കാൽ ലഭ്യമാക്കിയ മറുപടി. കൂടാതെ 2015-16 സാമ്പത്തിക വർഷം ജാഗ്രതാ സമിതിക്ക് 6000/-രൂപ തനത് ഫണ്ടിൽ നിന്ന് 252 നമ്പർ പ്രോജക്ട് പ്രകാരം അനുവദിച്ചിരുന്നുവെങ്കിലും ആയത് ചെലവ് ചെയ്തിട്ടില്ല. സമിതിയുടെ പ്രവർത്തനം ജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും പ്രസ്തുത സമിതിയുടെ സേവനം ലഭ്യമാണെന്ന വിവരം ഓഫീസിന് മുന്നിൽ പ്രവർത്തന സമയമുൾപ്പെടെ പരസ്യപ്പെടുത്തേണ്ടതുമാണ്.

## 3-6 റേഡിയേഷൻ സുരക്ഷാ ഡയറക്ടറുടെ അനുമതിയില്ലാതെ എക്സ്-റേ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നു.

2014-15സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച് (പ്രോജ.നം.97/15, ചെലവ്-2334000/-) പ്രവർത്തനം തുടങ്ങിയ എക്സ്-റേ യൂണിറ്റിന്റെ തുടർ പരിപാലനത്തി നായി 161328/-രൂപ 2015-16സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു (പ്രോജ.നം.27/16). എന്നാൽ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറുടെ അംഗീകാരമില്ലാതെ യാണ് എക്സ്-റേ യൂണിറ്റ് പ്രവർത്തിച്ചു വരുന്നത്. 17-11-2015 ൽ ഡി.ആർ.എസ്. ഓഫീസിൽ നിന്നും സൈറ്റ് പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഗ്രാമപഞ്ചായ ത്തിലെ എക്സ്-റേ യൂണിറ്റ് പ്രവർത്തിക്കുന്നത് എ.ഇ.ആർ.ബി-യുടേയോ ഡി.ആർ.എസ്സി ന്റെയോ അനുമതി കൂടാതെ ആയതിനാൽ പ്രസ്തുത നടപടി കുറ്റകരമെ ന്നാണ്. മെഷീന്റെ ടി.എ.സി സർട്ടിഫിക്കറ്റ് ഒരാഴ്ചക്കുള്ളിൽ സമർപ്പിക്കണമെന്ന് റേഡിയേഷൻ സുരക്ഷാ ഡയറക്ടർ 24-11-2015 ൽ നിർദ്ദേശിക്കുകയും ചെയ്തു. പഞ്ചായത്ത്തല സമിതിയാണ് പ്രവർത്തനം നടത്തിയതെന്നും തനിക്ക് എക്സ്-റേ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കു ന്നതിന് പരിചയക്കുറവുണ്ടെന്നും 03-12-2015-ൽ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ മറുപടി നൽകിയതല്ലാതെ നാളിതുവരെ സുരക്ഷാ അംഗീകാരം നേടിയിട്ടില്ല.

ആരോഗ്യമേഖലയിലെ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രത്യേകിച്ചും റേഡിയേഷൻ ഉണ്ടാകാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ സ്ഥാപിക്കുമ്പോൾ ശരിയായ പഠനം നടത്താതെയും ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിക്കാതെയും ആണ് ഇതിലേക്ക് പണം ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഗ്രാമപ്രദേശത്തെ ജനങ്ങളുടെ ജീവന് തന്നെ ഭീഷണിയാകുന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ഇത്തരം നടപടികൾ. വീഴ്ചയുണ്ടാകാതിരി ക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.23/16 തീയതി.19.10.2016) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 ചെലവ് പത്രികയിലെ ചെലവ് തുകയും നിർവ്വഹണോദ്യോഗസ്ഥന്റെ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2015-16സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവുകൾ വ്യക്തമാക്കുന്ന ചെലവ് പത്രികയിലെ ചെലവ് തുകയും നിർവ്വഹണോദ്യോഗസ്ഥൻ യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകയും തമ്മിൽ ചുവടെ പറയുന്ന രീതിയിൽ വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്ന

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ, പദ്ധതി നം. | ചെലവ് പത്രി കയിൽ പറയുന്ന ചെലവ് | യഥാർത്ഥ പദ്ധതി- ച്ചെലവ് | ചെലവുകൾ തമ്മിലെ വ്യത്യാസം |
|---|---|---|---|---|
| 1 | അസി.സെക്രട്ടറി, പ്രോജക്ട് നം. 286/16 | 200000 | 150000 | 50000 |
| 2 | വെറ്ററിനറി സർജൻ, പ്രോജക്ട് നം. | 460000 | 360000 | 100000 |

| | | | | |
|---|---|---|---|---|
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി<br>പ്രോജക്ട് നം. 20/16 | 178413 | 211413 | 33000 |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി<br>പ്രോജക്ട് നം.21/16 | 115480 | 132603 | 17123 |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി<br>പ്രോജക്ട് നം. 27/16 | 145828 | 161328 | 15500 |
| 6 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി<br>പ്രോജക്ട് നം. 28/16 | 240273 | 292431 | 52158 |
| 7 | സെക്രട്ടറി, പ്രോജക്ട് നം. 91/16 | 36000 | 48000 | 12000 |
| 8 | സെക്രട്ടറി, പ്രോജക്ട് നം. 244/16 | 148000 | 83000 | 65000 |
| 9 | സെക്രട്ടറി, പ്രോജക്ട് നം. 70/16 | 0 | 39480 | 39480 |
| 8 | സെക്രട്ടറി, പ്രോജക്ട് നം. 95/16 | 94500 | 162000 | 67500 |
| 9 | എൽ.വി.ഇ.ഒ., പ്രോജക്ട് നം. 39/16 | 200000 | 300000 | 100000 |

പദ്ധതികളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ രീതിയിലുള്ള യഥാർത്ഥചെലവും ഓഡിറ്റിന് ഹാജരാക്കിയ ചെലവ് പത്രികയിൽ കാണിച്ചിരിക്കുന്ന ചെലവും തമ്മിലുള്ള വ്യത്യാസം അംഗീകരിക്കാവുന്നതല്ല. പദ്ധതികൾക്ക് യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകയാണ് ചെലവ്പത്രികയിൽ കാണിക്കേണ്ടത്. അപാകതകൾപരിഹരിച്ച് യഥാർത്ഥ ചെലവും ചെലവ് പത്രികയിൽ കാണിച്ചിരിക്കുന്ന ചെലവും തമ്മിൽ പൊരുത്ത പ്പെടുത്തേണ്ടതാണ്.

## 3-8 സംയുക്ത പരിശോധന നടത്താതെ പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു

2015-16 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് 300/16നമ്പർ പദ്ധതി പ്രകാരം വെള്ളക്കരം ഒടുക്കിയത് 460492/-രൂപയാണ്. 377ടാപ്പുകൾക്കാണ് മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്ന് ഈ തുക അടവാക്കിയത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ ജലം ലഭ്യമാകുന്നതും അല്ലാത്തതുമായ പൊതുടാപ്പുകളെ കണ്ടെത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം നിശ്ചയിക്കുവാൻ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും തമ്മിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല.പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 26 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾ കണ്ടെത്തി അവയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കുവാനും ജലം ലഭ്യമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നതിലൂടെ പഞ്ചായത്തിനുണ്ടാകുന്ന

സാമ്പത്തികനഷ്ടം ഒഴിവാക്കുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ആകെ വരവ് - 66605793 (പലിശ, മുന്നിരിപ്പ്, അലോട്ട്മെന്റ്, ഇ.എഫ്.എം.എസ് ഉൾപ്പെടെ) )

ആകെ ചെലവ് - 665772209

ആകെ തൊഴിൽ കാർഡുകൾ - 7250

ആകെ തൊഴിൽ നൽകിയത് - 4154

100 ദിനം പൂർത്തിയാക്കിയത് - 1332

ആകെ പദ്ധതികൾ - 275

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 275 പദ്ധതികൾ നടപ്പിലാക്കുകയും ഭരണച്ചെലവുൾപ്പെടെ 665772209/-രൂപ ചെലവഴിക്കുകയും ചെയ്തു. തൊഴിൽ കാർഡ് നേടിയ 7250കുടുംബങ്ങളിൽ 4154 കുടുംബാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാനും 1332 കുടുംബങ്ങൾക്ക് 100 ദിനം പൂർത്തിയാക്കുവാനും കഴിഞ്ഞു. 275പദ്ധതികൾ നടപ്പിലാക്കി യിട്ടും തൊഴിൽ കാർഡ് നേടിയ 7250 കുടുംബങ്ങളിൽ 1332 കുടുംബങ്ങൾക്ക് മാത്രമേ 100 ദിനം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുള്ളു എന്നത് പദ്ധതി നിർവ്വഹണത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

(ബി) <u>തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണനാക്രമം പാലിച്ചിട്ടില്ല.</u>

ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതികളിൽ താഴെ കൊടുത്തിട്ടുള്ള പ്രകാരം ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ മുൻഗണനാക്രമം പാലിച്ചിട്ടില്ല.

1. ജലസംരക്ഷണവും ജലക്കൊയ്ത്തും
2. വനവൽക്കരണം, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ എന്നിവയിലൂടെ വരൾച്ച തടയൽ
3. ജലസേചനത്തോടുകൾ, ചെറുകിട ജലസേചന പദ്ധതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനപദ്ധതികൾ.
4. പട്ടികജാതി, പട്ടിക വർഗ്ഗക്കാർ, ഭൂപരിഷ്ക്കരണം മൂലം സ്ഥലം ലഭിച്ചവർ, ഐ.എ.വൈ. ഗുണഭോക്താക്കൾ എന്നിവരുടെ ഭൂമിക്ക് പ്രയോജനം ലഭിക്കുന്ന ജലസേചന പദ്ധതികൾ.
5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
6. അഴുക്ക് ചാൽ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണം,
7. ഗ്രാമപ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം.

മുകളിൽ കൊടുത്തിരിക്കുന്ന പദ്ധതികളുടെ മുൻഗണനാക്രമം പാലിക്കാതെ ഭൂവികസനം എന്ന ആശയം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ മാത്രമാണ് ഗ്രാമപഞ്ചാ യത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. ആസ്തി വർദ്ധിപ്പിക്കുന്ന പദ്ധതികൾക്ക് ഗ്രാമപഞ്ചായത്ത് യാതൊരു പ്രാധാന്യവും നൽകിയിട്ടില്ല. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മുകളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾക്ക് മുൻഗണന നൽകി പഞ്ചായത്തിന്റെ ആസ്തി വർദ്ധിപ്പിക്കുന്ന പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## 3-10 ക്ലിനിക്കൽ ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വാങ്ങിയ ഉപകരണം സ്റ്റോക്കിലെടുത്തില്ല. നഷ്ടം -2205 രൂപ

പ്രോജക്ട് നമ്പർ - 28/16 അടങ്കൽ - 480000/-രൂപ (ത.ഫണ്ട്)

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പള്ളിച്ചൽ ഭഗവതി നട, നരുവാമൂട് പി.എച്ച്.സി കളുടെ ക്ളിനിക്കൽ ലാബിലെ സേവനം മെച്ചപ്പെടുത്തുന്നതിനായി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതി മുഖേന ചെലവ് ചെയ്ത് വഞ്ചിനാട് മെഡിക്കൽസ് & സർജിക്കൽസിൽ നിന്നും വാങ്ങിയ ഡിജിറ്റൽ ബി.പി അപ്പാരറ്റസ് ക്ളിനിക്കിന്റെ സ്റ്റോക്കിലെടുത്തില്ല. മെഡിക്കൽ ഓഫീസറുടെ പേരിലുള്ള 10.08.2015 ലെ 1062 -ാം നമ്പർ കാഷ്ബിൽ പ്രകാരം തനതുഫണ്ടിൽ നിന്നും 2205/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ ഉപകരണം പി.എച്ച്.സി-യിൽ ഉപയോഗിച്ചെന്ന് തെളിവ് ഹാജരാക്കാത്ത തിനാൽ 2205/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ക്ലിനിക്കിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി വാങ്ങിയ ഉപകരണം മെഡിക്കൽ ഓഫീസർ തന്നെ കൈവശം സൂക്ഷിക്കുന്നത് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാണ്. തനതു ഫണ്ടിൽ നിന്നും ചെക്ക്, ഡി.ഡി മുഖേന മാത്രം ചെലവഴിക്കേണ്ട തുക നിർവ്വഹണോദ്യോഗസ്ഥൻ പണമാക്കി മാറ്റി ചെലവഴിച്ചതും രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതും പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 3-11 ലാബ് ടെക്നീഷ്യൻ, അസിസ്റ്റന്റ് നിയമനം - തനതു ഫണ്ട് പദ്ധതി രൂപീകരിച്ച് ഓണറേറിയം -

ഗ്രാമപഞ്ചായത്തിന്റെ പി.എച്ച്.സി, സബ്സെന്റർ എന്നിവിടങ്ങളി ലേക്ക് ലാബ് ടെക്നീഷ്യൻ മാരുടെ നിയമനം നടത്തുന്നതിനായി 21.03.15 ൽ ഇന്റർവ്യൂ നടത്തിയതായും പഞ്ചായത്തിന്റെ 24.03.15 ലെ V1(35)-ാം നമ്പർ തീരുമാന പ്രകാരം നിയമനം നൽകിയതായും കാണുന്നു. എന്നാൽ പള്ളിച്ചൽ സി.എച്ച് സിയിലെ ലാബ് ടെക്നീഷ്യൻ ലക്ഷ്മി. സി.മോഹൻ , ലാബ് അസിസ്റ്റന്റ് ചിത്രലേഖ എന്നിവർ ഇന്റർവ്യൂവിൽ പങ്കെടുക്കാത്തവരാണ്. മൂന്ന് വ്യത്യസ്ത പദ്ധതികൾ മുഖേന ലാബ്ടെക്നീഷ്യൻ, അസിസ്റ്റന്റ് എന്നിവർക്ക് ഓണറേറിയം നൽകി വരുന്നുണ്ടെങ്കിലും സേവന വേതന വ്യവസ്ഥകൾ, സേവന കാലയളവ്, ഓണറേറിയം എന്നിവ നിശ്ചയിച്ച് നിയമന ഉത്തരവ് നൽകിയിട്ടില്ല. കരാർ നിയമനം നടത്തി ഓണറേറിയം നിശ്ചയിച്ച് നൽകിയ നടപടിയിൽ 26.02.16 ലെ ജി.ഒ.പി. നമ്പർ 28/16 ഫിൻ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കുകയോ 179 ദിവസത്തിൽ കവിയാത്ത കാലയളവിലേക്ക് നിയമനം നിജപ്പെടുത്തുകയോ ചെയ്തിട്ടില്ല. തനത് ഫണ്ട് ഉപയോഗിച്ച് 3 വ്യത്യസ്ത പദ്ധതികൾ പ്രകാരം നൽകിവരുന്ന ഓണറേറിയത്തിന് ഏകീകൃത മാനദണ്ഡം പാലിച്ചിട്ടില്ല. 19.10.2016-ലെ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | തസ്തിക | ഓണറേറിയം | നിയമന ഉത്തരവ് നം./തീയതി |
|---|---|---|---|---|
| 1 | 27/16 | എക്സ്റേ ടെക്നീഷ്യൻ | 10000 | ഇല്ല |
| | | അറ്റന്റർ | 5500 | ഇല്ല |
| 2 | 20/16 | ലാബ്ടെക്നീഷ്യൻ | 6000 | ഇല്ല |
| | | ലാബ് അസിസ്റ്റന്റ് | 6000 | ഇല്ല |
| 3 | 28/16 | ലാബ്ടെക്നീഷ്യൻ | 5000 | ഇല്ല |

മേൽ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-12 ഇല്ലാത്ത കോൺക്രീറ്റ് ടൈലിന് 68547/- രൂപനൽകി

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതിയിൽ ചെയ്യാത്ത പ്രവൃത്തിയ്ക്ക് 68547 രൂപ ചെലവാക്കിയതായി കാണുന്നു. വിശദവിവരം ചുവടെ

പ്രോജക്ടിന്റെ പേര് : PHC X – Ray Room നിർമ്മാണം

പ്രോജക്ട് നം : 280/2016

എം ബുക്ക് നം : 745,746,747/14-15

കൺവീനർ : ശ്രീ.മോഹനൻ, മോഹനം, താന്നിവിള, വെടിവച്ചാൻകോവിൽ.

അടങ്കൽ : 571239/- (WB)

ചെലവ് തുക : 569740/-

ബിൽ നമ്പർ : 1/15-16, തീയതി- 06.07.2015

മേൽപറഞ്ഞ പദ്ധതിയുടെ എംബുക്ക് 747/14-15 -ലെ പേജ് നമ്പർ 31 ൽ PHC X – Ray Room ന്റെ പരിസരം 56.63$m^2$ സിമെന്റ് കോൺക്രീറ്റ് ടൈൽ പാകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നേരിട്ട് പരിശോധിച്ചതിൽ ഇത്

ചെയ്തിട്ടില്ലാത്തതായി ഓഡിറ്റിന് ബോധ്യപ്പെട്ടുകയും, സ്ഥലപരിശോധനാ റിപ്പോർട്ടിൽ ബന്ധപ്പെട്ട അസി.എഞ്ചിനീയർ അംഗീകരിച്ചിട്ടുള്ളതുമാണ്. വിശദവിവരം ചുവടെ,

എം.ബുക്ക് 747/14-15 പേജ് നമ്പർ 31 ഇനം 11 ,42 എന്നിവയിലെ വിവരമനുസരിച്ച് ഈയിനത്തിൽ 68547- രൂപ ചെലവുണ്ട്.

Chequerred precast cement concrete tiles 22mm thick in footpath & courtyard, jointed with neat cement slurry mixed with pigment to match the shade of tiles including rubbing and cleaning etc complete, on 20mm thick bed of cement mortar 1:4 (1 cement 4 course sand) – Light shade pigment using white cement – 56.63 x 1210.44/m2 = 68547

ചെയ്യാത്ത പ്രവൃത്തിയ്ക്ക് നൽകിയ തുകയായ 68547/-രൂപയുടെ ചെലവ് അംഗീകരിക്കാൻ കഴിയാത്തതായി കണ്ടെത്തി.

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ചെലാൻ നമ്പർ 30 പ്രകാരം 24.10.16-ന് 68547/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ വിഴിഞ്ഞം സബ് ട്രഷറിയിൽ ഒടുക്കിയതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

## 3-13 പ്ലാസ്റ്ററിംഗ് അളവിൽ കുറവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : പകൽവീട് അംഗൻവാടി കെട്ടിടം പൂർത്തീകരണം |
| പ്രോജക്ട് നം | : 278/2016 |
| എം ബുക്ക് നം | : 829, 830/14-15 |
| കൺവീനർ | : ശ്രീ.മോഹനൻ, മോഹനം, താന്നിവിള, വെടിവച്ചാൻകോവിൽ. |
| അടങ്കൽ | : 1500000/- (WB) |
| ചെലവ് തുക | : 1499279/- |
| ബിൽ നമ്പർ | : 14/15-16, തീയതി- 31.07.2015 |

ഈ പദ്ധതിയുടെ സ്ഥലപരിശോധനയിൽ എം ബുക്കിലെ രേഖപ്പെടുത്തലിന് വിപരീതമായി ചുറ്റമതിലിന്റെ ഒരു വശം മാത്രമേ പ്ലാസ്റ്ററിംഗ് ചെയ്തിട്ടുള്ളൂ, എം ബുക്ക് 829 ലെ പേജ് നമ്പർ 99, 830ലെ പേജ് നമ്പർ 29 എന്നിവയിൽ ചുറ്റമതിൽ പ്ലാസ്റ്ററിംഗിനായി 21327- രൂപ അനുവദിച്ചിരിക്കുന്നു, വിശദവിവരം ചുവടെ,

12mm cement plaster on the rough
side of single half brick wall of

mix 1:4 (1cement:4finesand) – 1 x 2 x 11.30 x 1.60 = 36.16

1 x 2 x 11.30 x 1.60 = 36.16

1 x 2 x 3.50 x 1.60 = 11.20

1 x 2 x 10.00 x 1.60 = 32.00

ആകെ = 115.52 m2

നൽകിയ തുക 115.52 x 184.62/m2 = 21327 - രൂപ

നൽകാവുന്നത്

1 x 1 x 11.30 x 1.60 = 18.08

1 x 1 x 11.30 x 1.60 = 18.08

1 x 1 x 3.50 x 1.60 = 5.60

1 x 1 x 10.00 x 1.60 = 16.00

ആകെ = 57.76 m2

നൽകാവുന്ന തുക 57.76 x 184.62/m2 = 10664 രൂപ

വ്യത്യാസം - 21327 – 10664 = 10663/-രൂപ

ചെയ്ത പ്രവൃത്തിയുടെ അളവനുസരിച്ച് നൽകാവുന്നതിനേക്കാൾ അധികമായി 10663/-രൂപ നൽകിയതായി കണ്ടെത്തി.

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ചെലാൻ നമ്പർ 30 പ്രകാരം 24.10.16-ന് വിഴിഞ്ഞം സബ്ട്രഷറിയിൽ 10663/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 831/2010. തീ.11.03.10 | 12136500 | - | 4827300 | - | 7309200 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 106741747 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104355004 |
| വരവിനങ്ങളിലുള്ള നഷ്ടം | 1180 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 81415 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.10 | - | 2205 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 100000 | ശ്രീ.സുരേഷ്ബാബു, അസിസ്റ്റന്റ് സെക്രട്ടറി<br>ശ്രീമതി.ദീപ, അസിസ്റ്റന്റ് സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ

സ്ഥിരം മേൽവിലാസങ്ങൾ

ഡോ.അനിൽകുമാർ, ശ്രീ.ബി. 63/2217, അമ്പലത്തറ,

പൂന്തുറ.പി.ഒ., തിരുവനന്തപുരം - 26.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി./6/എ 0/854/99, 31-07-1999 | 4 | - |
| 1998-99 | എൽ.എഫ്.റ്റി.ഡി./6/എ 0/932/99, 20-12-2000 | 5 | - |
| 1999-00 | എൽ.എഫ്.റ്റി.ഡി./6/എ 0/312/2002, 21-12-2000 | 5 | - |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.4/118/06, 11-12-2006 | 5 | - |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/427/04, 01-12-2006 | 13 | - |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/114/06, 11-12-2006, 09-03-2012 | 3 | - |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1100/07, 18-07-2011 | 6 | - |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി4/1645/08, 15-03-2012 | 8 | - |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1646/08, 16-03-2012 | 3 | - |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/234/2010, 22-12-2011 | 12 | - |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/232/10, 17-12-2011 | 13 | - |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/951/2012, 17-07-2012 | 9 | - |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1400/2011, 02-04-2013 | 11 | - |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1702/2014, 12-05-2014 | 12 | - |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/926/2014-2, 17-3-2014 | 8 | - |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/243/2015, 02-05-2015 | 11 | - |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1118/2015, | 30 | - |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1184(എ)/2016, 3-8-16 | 25 | - |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1. ട്രഷറി, ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക് ബാലൻസും കാഷ്ബുക്ക് ബാലൻസുകളും പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

2. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ വരവുള്ള 1738000/-രൂപ ACR-ൽ ചേർത്തിട്ടില്ല.

3. സെക്രട്ടറി, വി.ഇ.ഒ, അസി.സെക്രട്ടറി, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ എക്സ്പെന്റിച്ചർ
സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ യഥാർത്ഥ ചെലവ് രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

4. വികസന ഫണ്ട് (ജനറൽ) ൽ നിന്നും ചെലവായ 437500/-രൂപ എസ്.സി.പി ഫണ്ടിൽ നിന്നും ചെലവാക്കിയിരിക്കുന്നു.
5. പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നില്ല.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.